ഇ2-33/21

20/05/2025

## ടെണ്ടർ / ലേല നോട്ടീസ്

ഔഷധിയുടെ പരിയാരം ഉപകേന്ദ്രത്തിലെ ഭൂമിയിൽ നിന്നും മാർക്ക് ചെയ്ത അക്വേഷ്യ മരങ്ങൾ മുറിച്ച് മാറ്റി കൊണ്ടുപോകുന്നതിന് ഇതോടൊപ്പം ചേർത്തിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായി 2025 ജൂൺ 16-ാം തീയതി ഔഷധിയുടെ പരിയാരം സബ്സെന്ററിൽ വച്ച് ടെണ്ടർ / ലേലം നടത്തുന്നതാണ്.

ടെണ്ടറിൽ പങ്കെടുക്കാൻ താൽപര്യമുള്ളവരിൽ നൽകാൻ ഉദ്ദേശിക്കുന്ന വില രേഖപ്പെടുത്തിയ മുദ്രവച്ച കവർ, നിരതദ്രവ്യമായ 10,000/- രൂപ ഔഷധി മാനേജിംഗ് ഡയറക്ടറുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം 16/06/2025, 02.30 PM ന് മുമ്പായി ഔഷധിയുടെ പരിയാരം സബ്സെന്ററിൽ ലഭിക്കേണ്ടതാണ്. നിരതദ്രവ്യം ഔഷധിയുടെ അക്കൗണ്ട് മുഖേനയും അടയ്ക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ നിരതദ്രവ്യം സഹിതം അന്നേദിവസം 02.30 PM ന് മുമ്പായി പരിയാരം ഓഫീസിൽ എത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതും 03.00 pm ന് ഓഫീസ് പരിസരത്ത് വച്ച് നടക്കുന്ന ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. നിരതദ്രവ്യം ടെണ്ടറിനും ലേലത്തിനും പ്രത്യേകം സമർപ്പിക്കേണ്ടതാണ്. ടെണ്ടർ / ലേലത്തിൽ ഏറ്റവും കൂടുതൽ തുക നൽകാൻ തയ്യാറായ ആൾ നിരതദ്രവ്യം കൂടാതെ വാഗ്ദാനം ചെയ്ത തുകയുടെ 25% ടെണ്ടർ / ലേലം കഴിഞ്ഞയുടൻ കെട്ടിവയ്ക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കായി ഔഷധിയുടെ പരിയാരം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ- 0497-2808303, 2808275. കൂടാതെ ഔഷധി വെബ്സൈറ്റായ www.oushadhi.org യിലും വിവരങ്ങൾ ലഭ്യമാണ്.

23/5/25

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

ടോംയാസ് അഡ്വർടൈസിങ്ങ് ഏജൻസി
ദേശാഭിമാനി ദിനപത്രത്തിന്റെ കണ്ണൂർ എഡിഷനിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി.

## ടെണ്ടർ / ലേല നിബന്ധനകൾ

1. ടെണ്ടറുകൾ മുദ്രവച്ച കവറിൽ 2025 ജൂൺ മാസം 16-ാം തീയതി 02.30 പി.എം ന് മുമ്പായി ഔഷധി പരിയാരം ഓഫീസിൽ ലഭിക്കത്തരീതിയിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ മുദ്രവച്ച് മാനേജിംഗ് ഡയറക്ടറുടെ വിലാസത്തിൽ നിരതദ്രവ്യം സഹിതം സമർപ്പിക്കേണ്ടതും, കവറിനു മുകളിൽ "അക്വേഷ്യ മരങ്ങൾ മുറിച്ചു മാറ്റി കൊണ്ടുപോകുന്നതിനുള്ള ടെണ്ടർ" എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. നിശ്ചിത സമയപരിധിക്കകം ലഭിക്കാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
2. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി 10,000/- രൂപ ഔഷധി മാനേജിംഗ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായും കൂടാതെ ഔഷധിയുടെ താഴെ പറയുന്ന അക്കൗണ്ട് മുഖേനയും ഒടുക്കാവുന്നതാണ്. പണമടച്ച രസീതി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

   Bank Name & Branch – Punjab National Bank, Kuttanellur Branch

   Account No. - 5913005900000015

   IFSC No. - PUNB0591300

3. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 2025 ജൂൺ മാസം 16-ാം തീയതി 02.30 പി.എം ന് മുമ്പായി നിരതദ്രവ്യമായ 10,000 രൂപ ഡിമാന്റ് ഡ്രാഫ്റ്റ് / രസീതി സഹിതം ഓഫീസിലെത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതും അന്നേദിവസം 3 പി.എം ന് പരിയാരത്ത് നടക്കുന്ന ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്.
4. പരസ്യമായ ലേലത്തിനുശേഷം ടെണ്ടറുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് തുറക്കുന്നതും, ലേലപ്രകാരമാണോ ടെണ്ടർ പ്രകാരമാണോ കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്നത് ആ തുകയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ആയിരിക്കും. അന്തിമമായി ടെണ്ടർ / ലേലം ഉറപ്പിക്കുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്കായിരിക്കും.
5. ടെണ്ടർ / ലേലം എന്നിവയിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത രണ്ട്പേരുടെ നിരതദ്രവ്യം ടെണ്ടർ / ലേലം ഉറപ്പിച്ചതിനുശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
6. ടെണ്ടർ / ലേലം എന്നിവയിൽ കൂടുതൽ തുക നൽകാൻ തയ്യാറായ വ്യക്തി നിരതദ്രവ്യം കൂടാതെ വാഗ്ദാനം ചെയ്ത തുകയുടെ 25% അന്നേദിവസം തന്നെ അടയ്ക്കേണ്ടതാണ്. കൂടാതെ തിരിച്ചറിയൽ രേഖയുടെ പകർപ്പും ഹാജരാക്കേണ്ടതാണ്.
7. ടെണ്ടർ / ലേലം ഉറപ്പിച്ചതായി അറിയിപ്പ് ലഭിച്ച് ഒരു മാസത്തിനകം രേഖപ്പെടുത്തിയ തുകയും, വിൽപ്പന വിലയുടെ 18% ആദായനികുതി ഉൾപ്പെടെയുള്ള ആകെ തുകയിൽമേൽ 5% വന വികസന നികുതി അടക്കം മുഴുവൻ തുകയും ഓഫീസിൽ കെട്ടിവെക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ടെണ്ടർ റദ്ദാക്കുന്നതും നിരതദ്രവ്യം സ്ഥാപനത്തിലേക്ക് വരവ് വെക്കുന്നതുമാണ്.

8. ടെണ്ടർ/ലേലം സ്വീകരിച്ച് അറിയിപ്പു ലഭിച്ച് ഒരു മാസത്തിനകം മുഴുവൻ മരങ്ങളും മുറിച്ച് തടി, ശിഖരങ്ങൾ, ചില്ലകൾ സഹിതം കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്ത് സ്ഥലം വൃത്തിയാക്കേണ്ടതാണ്.

9. നിശ്ചിത സമയപരിധിക്കകം മരങ്ങൾ മുറിച്ചു നീക്കാത്ത പക്ഷം മരങ്ങൾ മുറിച്ചു മാറ്റുന്നതിന് മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതും കരാറുകാരൻ അടച്ച തുക സ്ഥാപനത്തിലേക്ക് വരവ് വെക്കുന്നതുമാണ്.

10. മരങ്ങൾ മുറിച്ചു നീക്കുമ്പോൾ മറ്റു ചെടികൾക്കോ, വസ്തുക്കൾക്കോ കേടു പാടുകൾ പറ്റുന്ന പക്ഷം ഔഷധി മാനേജിംഗ് ഡയറക്ടർ നിശ്ചയിക്കുന്ന തുക നഷ്ടപരിഹാരമായി കരാറുകാരൻ നൽകുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും.

11. ടെണ്ടറുകൾ / ലേലം യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പരിപൂർണ്ണ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

23/11/22

മാനേജിംഗ് ഡയറക്ടർ